**സബ്മിഷൻ**

## എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ സ്കൂൾ ബസ്സ് വാങ്ങുന്നതിന് ഫണ്ട്

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, എം.എൽ.എ. ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട് സ്കൂൾ ബസ്സുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ട് യഥാസമയം ലഭിക്കാത്തത് സംബന്ധിച്ചാണ് ഞാനിവിടെ സബ്മിഷൻ ഉന്നയിക്കുന്നത്. മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സാധാരണ ഒന്നോരണ്ടോ വർഷങ്ങൾ കഴിഞ്ഞ് നൽകിയാൽ മതിയാകും. എന്നാൽ അലോട്ട്മെന്റ് നേരത്തെ ലഭിച്ചാൽ മാത്രമേ സർക്കാർ വിദ്യാലയങ്ങൾക്ക് അനുവദിച്ചിട്ടുള്ള ബസ്സുകൾ വാങ്ങാൻ സാധിക്കുകയുള്ളൂ. 2023-24, 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ എന്റെ നിയോജകമണ്ഡലത്തിൽ 20 ബസ്സുകൾക്ക് ഫണ്ട് അനുവദിച്ചതിൽ നാല് ബസ്സുകളുടെ ഫണ്ട് മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി ബസ്സുകളുടെ ഫണ്ടുകൂടി വരാൻപോകുന്ന അധ്യയന വർഷത്തിനുമുമ്പായി ലഭ്യമാക്കാനാവശ്യമായ നടപടിയുണ്ടാകണമെന്ന് വിനയപൂർവം അഭ്യർത്ഥിക്കുകയാണ്.....(ബഹളം)........

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

ഇക്കാര്യം പരിശോധിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞതിന്റെ കൺസേൺ വളരെ ഗൗരവമായി വീണ്ടും വിളിച്ച് സംസാരിക്കാം. അഡ്വാൻസായി പണം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഒന്നുകൂടി ഇടപെടാം. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+ .... (ബഹളം) .....

## ചാലക്കുടി റിവർ ഡൈവേർഷൻ പദ്ധതിയിലെ പ്രതിസന്ധി

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, തൃശ്ശൂർ, എറണാകുളം ജില്ലകളിലെ ആറ് നിയോജകമണ്ഡലങ്ങളിൽപ്പെട്ട എന്റെ നിയോജകമണ്ഡലമായ പുതുക്കാട് ഉൾപ്പെടെയുള്ള 22 ഗ്രാമപഞ്ചായത്തുകളിൽ വറ്റത്തൂർ, പറപ്പൂക്കര ഉൾപ്പെടെയുള്ള ഗ്രാമപഞ്ചായത്തുകളിൽ ജലസേചനത്തിനും കുടിവെള്ളത്തിനുംവേണ്ടി ജനങ്ങൾ ആശ്രയിക്കുന്ന, ചാലക്കുടി പുഴയുടെ നീരൊഴുക്ക് നിലനിർത്തിക്കൊണ്ട് നടത്തുന്ന ഏക പദ്ധതിയാണ് റിവർ ഡൈവേർഷൻ പദ്ധതി. ഇത് ചാലക്കുടി പുഴയിലെ നീരൊഴുക്ക് നിയന്ത്രിക്കുന്നതാണ്. അവിടത്തെ നീരൊഴുക്ക് ക്രമീകരിച്ച് ആവശ്യമായ ജലം ചാലക്കുടി പുഴയിൽ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. ജലനിരപ്പ് കുറഞ്ഞതിന്റെ ഭാഗമായി ഇടതുകര,

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

വലതുകര കനാലുകളിലൂടെയുള്ള വെള്ളം കുറഞ്ഞിരിക്കുകയാണ്. ആ വെള്ളം എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്..... (ബഹളം) .....

## ചാലക്കുടി റിവർ ഡൈവേർഷൻ പദ്ധതിയിലെ പ്രതിസന്ധി

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു. + ... (ബഹളം) .....

## എയ്ഡഡ് സ്കൂളുകളിലെ സ്ഥിരം അധ്യാപക നിയമനം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, 'മാതാ പിതാ ഗുരു ദൈവം' എന്നത് നമ്മുടെ നാട്ടിലെ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട ഏറ്റവും വലിയ ആപ്തവാക്യമാണ്. 2018 മുതൽ നിയമിതരായ എയ്ഡഡ് മേഖലയിലെ അധ്യാപകർ വളരെ വലിയ പ്രതിസന്ധിയാണ് ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്നത്. അതിൽത്തന്നെ 2021 നവംബർ 8-ാം തീയതിക്കുശേഷം എയ്ഡഡ് മേഖലയിൽ നിയമിക്കപ്പെട്ട എല്ലാ അധ്യാപകരും ദിവസവേതനക്കാരായി മാറിയിരിക്കുന്ന

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

സ്ഥിതിവിശേഷമാണ് സംജാതമായിരിക്കുന്നത്. ഭിന്നശേഷിക്കാരായ അധ്യാപകരെ നാല് ശതമാനം നിയമിക്കണമെന്ന കോടതിവിധിയുടെ അടിസ്ഥാനത്തിലുള്ള പ്രതിസന്ധിയാണ് ഇവിടെയുണ്ടായിരിക്കുന്നത്. ഈ പ്രതിസന്ധി വളരെ അടിയന്തരമായി പരിഹരിക്കാത്തത് നമ്മുടെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ വലിയ തടസ്സം സൃഷ്ടിച്ചിരിക്കുകയാണ്. ഏകദേശം 17000-ത്തോളം അധ്യാപകരാണ് ഈ പ്രതിസന്ധിയിൽ അകപ്പെട്ടിട്ടുള്ളത്. അവർ വലിയ സമരമാർഗത്തിലാണ്. ഈ മാസം 31-ാം തീയതി അവർ സെക്രട്ടേറിയറ്റിലേക്ക് വലിയ മാർച്ച് നടത്തുന്ന സ്ഥിതിയാണുള്ളത്. നാല് ശതമാനം സംവരണത്തിനാവശ്യമായ ഭിന്നശേഷിക്കാരെ ലഭിക്കുന്നില്ലെന്ന പ്രതിസന്ധിയും നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിതന്നെ ഇക്കാര്യത്തിൽ റിട്ട് ഒ.പി.നം.14317/2025-ൽ വ്യക്തമായ ഒരു നിർദേശം സർക്കാരിന് നൽകിയിട്ടുണ്ട്. Absolutely no justification for the Government to deny consequential benefits to similarly situated persons, അതായത് എൻ.എസ്.എസ്.-ന് ലഭിച്ച അതേ നിലയിലുള്ള അനുപാതം മറ്റ് എയ്ഡഡ് മേഖലയിലെ

മാനേജ്മെന്റുകൾക്കും നൽകണമെന്നുള്ളതാണ് ആവശ്യം. അത് വളരെ അടിയന്തരമായി പരിഹരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ....(ബഹളം)...

മി. സ്പീക്കർ: ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്ക് ഉത്തരം മേശപ്പുറത്ത് വയ്ക്കാവുന്നതാണ്. ഉത്തരം വായിക്കുകയാണെങ്കിൽ അപ്രകാരം ചെയ്യാം.

ശ്രീ. വി. ശിവൻകുട്ടി: സർ, 1995-ലെ Persons with Disabilities Act സെക്ഷൻ 33 പ്രകാരം കാഴ്ച പരിമിതർ, ശ്രവണ പരിമിതർ, ചലനശേഷി പരിമിതർ, സെറിബ്രൽ പാൾസി എന്നീ വിഭാഗങ്ങളിലായി മൂന്ന് ശതമാനം ...(ബഹളം)... മുദ്രാവാക്യം ഞാനും വിളിക്കാം... 'സ്വർണ്ണം കട്ടവർ ആരപ്പാ, കോൺഗ്രസ്സാണേ അയ്യപ്പാ'....

മി. സ്പീക്കർ: യെസ്.. മിനിസ്റ്റർ..

ശ്രീ. വി. ശിവൻകുട്ടി: സർ, സ്വർണ്ണം കട്ടത് ആരാണെന്ന് ചോദിച്ചുകൊണ്ടാണ് പ്രതിപക്ഷാംഗങ്ങൾ ഇവിടെ മുദ്രാവാക്യം വിളിക്കുന്നത്.

ശ്രീമതി സോണിയ ഗാന്ധിയെക്കുറിച്ച് അവർ ഒന്നും സംസാരിക്കുന്നില്ലല്ലോ. സ്വർണ്ണം കട്ടവരെന്ന് പറയപ്പെടുന്നവർ രണ്ട് തവണ ശ്രീമതി സോണിയ ഗാന്ധിയെ സന്ദർശിക്കാൻ പോയതുസംബന്ധിച്ച് അവർ ഒരുകാര്യവും പറയുന്നില്ല. **xxxxxxxxx**+

<u>മി. സ്പീക്കർ</u>: മിനിസ്റ്റർ പ്ലീസ്..

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, **xxxxxxxx**+ ...(ബഹളം)... പ്രതിപക്ഷാംഗങ്ങൾ ശ്രീമതി സോണിയ ഗാന്ധിയെക്കുറിച്ച് പരാമർശിക്കാത്തത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. അവരെക്കുറിച്ചും സംസാരിക്കണം. ശ്രീമതി സോണിയ ഗാന്ധിയുടെ വീട്ടിൽ രണ്ട് തവണ സ്വർണ്ണം കട്ടവർ പോയില്ലേ; **xxxxxxx**+ ...(ബഹളം)... ശ്രീമതി സോണിയ ഗാന്ധിയെക്കുറിച്ചും ഇതുമായി ബന്ധമുള്ള കോൺഗ്രസ്സ് നേതാക്കളെക്കുറിച്ചും നിങ്ങൾ പറയണം. ...(ബഹളം)...

<u>മി. സ്പീക്കർ</u>: മിനിസ്റ്റർ പ്ലീസ്..

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, സബ്മിഷന്റെ മറുപടി പറഞ്ഞുതുടങ്ങിയിട്ടേയുള്ളൂ. കഴിഞ്ഞിട്ടില്ല. ...(ബഹളം)... ശ്രീമതി സോണിയ

---

+ ബഹു. സഭാധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. KLS/363/2026/EDITING) സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

+ ബഹു. സഭാധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. KLS/363/2026/EDITING) സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

+ ബഹു. സഭാധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. KLS/363/2026/EDITING) സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

ഗാന്ധിയുടെ വീട്ടിൽ എന്തിനാണ് തന്ത്രി രണ്ട് തവണ പോയത്; ആരാണ് അദ്ദേഹത്തെ അവിടെ കൊണ്ടുപോയത്? ...(ബഹളം)... ഈ ചോദ്യങ്ങൾക്കെല്ലാം മറുപടി നൽകേണ്ടതുണ്ട്. ശ്രീമതി സോണിയ ഗാന്ധിക്ക് ഈ വിഷയത്തിലുള്ള പങ്കെന്താണ്? ....(ബഹളം)...

മി.സ്പീക്കർ: യെസ്.. മിനിസ്റ്റർ.. ദയവായി ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്ക് സബ്മിഷന്റെ മറുപടി മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു+.

## മാവൂർ തെങ്ങിലക്കടവിൽ കാൻസർ സെന്റർ

ശ്രീ. പി. ടി. എ. റഹീം: സർ, 2010-ൽ ഒരു കാൻസർ സെന്റർ ആരംഭിക്കുന്നതിനുവേണ്ടി മാവൂർ പഞ്ചായത്തിൽ ഏക്കർ കണക്കിന് സ്ഥലവും ബഹുനില കെട്ടിടവും സർക്കാരിന് കൈമാറിയിരുന്നു. ഇത് ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ഒരു യോഗം

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ചേരുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിയുടെ ചുമതല ജില്ലാ പഞ്ചായത്തിനെ ഏൽപ്പിക്കുകയും കാൻസർ സെന്റർ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ...(ബഹളം)... എന്നാൽ നാളിതുവരെയും മന്ത്രിതല യോഗം ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. ആയത് എത്രയുംവേഗം പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കേരളത്തിലെ സാധാരണക്കാരനായ ഒരു കോൺഗ്രസ്സ് പ്രവർത്തകയ്ക്കോ/പ്രവർത്തകനോ ശ്രീമതി സോണിയ ഗാന്ധിയുടെ വസതിക്കുള്ളിലേക്ക് പ്രവേശനമുണ്ടോ; ശ്രീ. ഉണ്ണികൃഷ്ണൻ പോറ്റിയെ ശ്രീമതി സോണിയ ഗാന്ധിയുടെ വീട്ടിൽ കയറ്റിയതാരാണ്; എന്ത് ഉദ്ദേശ്യത്തിലാണ് അവിടെ കയറ്റിയത്; അദ്ദേഹത്തെ ആരാണ് അങ്ങോട്ടേക്ക് കൊണ്ടുപോയത്; കേരളത്തിലെ സാധാരണക്കാരായ കോൺഗ്രസ്സ് പ്രവർത്തകർക്ക് സാധിക്കാത്ത ഒരു കാര്യം ഉണ്ണികൃഷ്ണൻ പോറ്റിക്ക് എങ്ങനെയാണ് സാധിച്ചത്? ഇത്തരത്തിലുള്ള എല്ലാ

ചോദ്യങ്ങൾക്കുമുള്ള ഉത്തരങ്ങൾ ചർച്ച ചെയ്യാതെ, വാസ്തവത്തിൽ കേരളത്തിലെ പ്രതിപക്ഷം ഒളിച്ചോടുകയാണ് ചെയ്യുന്നത്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലൂടെ ഈ വിഷയം അവർക്ക് സഭയിൽ അവതരിപ്പിക്കാമായിരുന്നു. ആ രീതിയിൽ എന്തുകൊണ്ടാണ് ഈ വിഷയം ഉന്നയിക്കാതിരുന്നത്? യഥാർഥത്തിൽ പ്രതിപക്ഷാംഗങ്ങൾ ഒളിച്ചോടുകയാണ്. അവർ കുറ്റവും കളവും ചെയ്തിട്ടുണ്ട്. ഇത് കേരളത്തിലെ ജനങ്ങൾ കാണണം. കേരളജനത കാണുന്നതിനും അറിയുന്നതിനുംവേണ്ടി ജനാധിപത്യ മര്യാദയനുസരിച്ച് ഇക്കാര്യം നിയമസഭയിൽ ചർച്ച ചെയ്യാമായിരുന്നു. അവരുടെ ഒളിച്ചോട്ടമാണിത്. ധൈര്യമുണ്ടെങ്കിൽ അവരുടെ അവകാശമുപയോഗിച്ച് കേരള നിയമസഭയിൽ ഈ വിഷയം ചർച്ച ചെയ്യാൻ അവസരം തേടുകയാണ് ചെയ്യേണ്ടത് എന്നുമാത്രം ഈ അവസരത്തിൽ ഞാൻ അഭിപ്രായപ്പെടുന്നു.

മാവൂർ തെങ്ങിലക്കടവിൽ കാൻസർ സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച് 2025 ഒക്ടോബർ മാസം 20-ാം തീയതിയായിരുന്നു ചർച്ച നടന്നത്. ടി ചർച്ചയിൽ പ്രൊപ്പോസൽ നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു.

രണ്ട് ദിവസം മുമ്പ് ടി പ്രൊപ്പോസൽ സർക്കാരിൽ എത്തിയിട്ടുണ്ട്. ആയതിന്മേൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(നോട്ടീസ് നൽകിയ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. അനൂപ് ജേക്കബ്, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. യു. എ. ലത്തീഫ്, ശ്രീ. പി. ഉബൈദുള്ള എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ മറ്റ് സബ്മിഷനുകൾ അവതരിപ്പിക്കപ്പെട്ടില്ല.)